പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 475 | 24/10/2016 -ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളിൽ വിവിധ ലാബ് പരിശോധനകൾക്ക് ഏകീകൃത ഫീസ്

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ.റോജി എം. ജോൺ<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ വിവിധ ലാബ് പരിശോധനകൾക്ക് ഏകീകൃത ഫീസ് അല്ല ഈടാക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും സി) യും | നിലവിൽ സ്വകാര്യ ചികിത്സാലയങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ നിയന്ത്രണത്തിലല്ല. എന്നാൽ സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ എല്ലാ ചികിത്സാ സ്ഥാപനങ്ങളുടെയും പ്രവർത്തന നിലവാരം ആവശ്യമായ നിയമം മുഖേന നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജി. & റഗ്.) ബിൽ 2016 ന് രൂപം നൽകിയിട്ടുണ്ട്. ബിൽ നിയമസഭയിൽ ആവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നിയമമാകുന്നതോടെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ മേൽ സർക്കാരിന് നിയന്ത്രണം ഏർപ്പെടുത്താൻ കഴിയും. |
| (ബി) | രക്തപരിശോധനയ്ക്കും എക്സ്റേയ്ക്കും സി. റ്റി./അൾട്രാ സൗണ്ട് സ്കാനിംഗിനും സ്വകാര്യ ആശുപത്രികളിൽ ഈടാക്കുന്ന ഫീസിൽ വലിയ അന്തരം ഉണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ടോ; | | |
| സി) | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ എത്തുന്ന രോഗികളിൽ നിന്നും വിവിധ പരിശോധനകൾക്ക് ഒരു ഏകീകൃത ഫീസ് ഈടാക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുമോ; ഇക്കാര്യത്തിനായി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി അടിയന്തരമായി ഉത്തരവ് പുറപ്പെടുവിക്കുമോ? | | |

സെക്ഷൻ ഓഫീസർ